# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003**

**ഫോൺ :0471 2727378, 04712727379email : obcdirectorate@gmail.com**


**BCDD/A3/1331/2018(1)** തീയതി : 28/05/2018

## പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും പണിയായുധങ്ങൾക്ക് ഗ്രാന്റും നൽകുന്ന പദ്ധതി

**കേ**രളത്തിലെ മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദ്ധർ/ കൈപ്പണിക്കാർ/പൂർണ്ണ വൈദഗ്ദ്ധ്യമില്ലാത്ത തൊഴിലാളികൾ എന്നിവരുടെ തൊഴിൽ വൈദഗ്ദ്ധ്യം ശക്തിപ്പെടുത്തി, ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നൽകി, ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലൂടെ വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് പരിശീലനവും ധനസഹായവും നൽകുന്ന പദ്ധതിയ്ക്ക് 2018-19 വർഷത്തേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർക്കുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

### മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും

1) അപേക്ഷകൻ / അപേക്ഷക സംസ്ഥാനത്തെ പരമ്പരാഗത കരകൗശല തൊഴിൽ ചെയ്യുന്ന, ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട സമുദായാംഗമായിരിക്കണം (സമുദായങ്ങളുടെ പട്ടിക അനുബന്ധം-1 ചേർക്കുന്നു).
2) അപേക്ഷക/ അപേക്ഷകൻ കേരളീയനായിരിക്കണം.
3) അപേക്ഷക/ അപേക്ഷകൻ നിലവിൽ പരമ്പരാഗത കരകൗശലതൊഴിൽ ചെയ്യുന്നവരായിരിക്കണം.
4) കുടുംബ വാർഷികവരുമാനം 1 ലക്ഷം രൂപയിൽ അധികരിക്കരുത്.
5) ഉയർന്ന പ്രായ പരിധി - 60 വയസ് (2018 മെയ് 31 അടിസ്ഥാനമാക്കി)
6) രണ്ടു പെൺകുട്ടികളിൽ കൂടുതൽ ഉള്ളവർ/ഭിന്നശേഷിയുള്ളവർ/ 10 വർഷത്തിൽ കൂടുതൽ പ്രവൃത്തി പരിചയമുള്ളവർ എന്നിവർക്ക് മുൻഗണന ലഭിക്കും.
7) തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർക്ക് ആവശ്യമെങ്കിൽ ബന്ധപ്പെട്ട മേഖലയിൽ പരമാവധി 3 മാസം വരെ പരിശീലനം നൽകും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവരെ ടൂൾകിറ്റ് ഗ്രാന്റിനായി തെരഞ്ഞെടുക്കുന്നു. പരിശീലനം നേരത്തെ ലഭ്യമായിട്ടുള്ളവർക്ക് ടൂൾകിറ്റ് ഗ്രാന്റിന് മാത്രമായും അപേക്ഷിക്കാവുന്നതാണ്.
8) ഇതേ ആവശ്യത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നോ സർക്കാർ ഏജൻസികളിൽ നിന്നോ KADCO ൽ നിന്നോ ആനുകൂല്യം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല.
9) പരിശീലന ചെലവ്, സ്റ്റൈപ്പന്റ്, ടൂൾകിറ്റ് എന്നിവയ്ക്കുള്ള പരമാവധി തുക 25,000/- രൂപയായിരിക്കും. എങ്കിലും പരിശീലന ചെലവ്, സ്റ്റൈപ്പന്റ് എന്നീ ഇനങ്ങളിൽ പരമാവധി അനുവദിക്കുന്ന തുക 5000/- രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ട്.
10) പണിയായുധങ്ങൾ അപേക്ഷകൻ/അപേക്ഷകയുടെ തൊഴിലിനനുസൃതമായി തെരഞ്ഞെടുക്കേണ്ടതാണ്. പണി ആയുധങ്ങൾ ISI/BIS നിലവാരത്തിലുള്ളതായിരിക്കണം.
11) അപേക്ഷകർക്ക് ഉചിതമെന്നു തോന്നുന്ന നിലവാരമുള്ള ഏജൻസികളിൽ നിന്ന് പണിയായുധങ്ങൾ വാങ്ങാവുന്നതാണ്.
12) ടി ധനസഹായ പദ്ധതി പരമ്പരാഗത തൊഴിൽ നവീകരണത്തിന് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ളതാണ്. നിലവാരമുള്ള കമ്പനികളുടെ ഉപകരണങ്ങൾ/ പണിയായുധങ്ങൾ ആയിരിക്കണം വാങ്ങേണ്ടത്.

13) ആനുകൂല്യതുക പ്രവർത്തന മൂലധനമായി ഉപയോഗിക്കാൻ പാടില്ല.

14) അപേക്ഷഫോറവും അനുബന്ധരേഖകളും **www.bcdd.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷ അനുബന്ധരേഖകൾ സഹിതം കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽപ്പെട്ട അപേക്ഷകർ "ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽസ്റ്റേഷൻ, ഒന്നാം നില, കോഴിക്കോട്-673020" എന്ന വിലാസത്തിലും, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ അപേക്ഷകർ "ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, രണ്ടാം നില, സിവിൽസ്റ്റേഷൻ, കാക്കനാട്, എറണാകുളം-682030" എന്ന വിലാസത്തിലും **30/06/2018** നകം ലഭ്യമാക്കേണ്ടതാണ്. അപൂർണ്ണവും സാക്ഷ്യപത്രങ്ങളില്ലാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ **0471-2727379** (വകുപ്പ് ഡയറക്ടറേറ്റ്), **0484-2429130** (എറണാകുളം മേഖലാ ഓഫീസ്), **0495-2377786** (കോഴിക്കോട് മേഖലാ ഓഫീസ്), *email:* **obcdirectorate@gmail.com,** വെബ്വിലാസം:**www.bcdd.kerala.gov.in**

**(ഒപ്പ്)**

**ഡയറക്ടർ**

**പകർപ്പ് :** ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്
ഡയറക്ടർ - ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപാർട്ട്മെന്റ്
മാനേജിങ് ഡയറക്ടർ, കെ.എസ്.ബി.സി.ഡി.സി
മാനേജിങ് ഡയറക്ടർ, KADCO
മേഖലാ ഡെപ്യൂട്ടി ഡയറക്ടർ - പി.വി.വി.വ (എറണാകുളം/കോഴിക്കോട്)
കരുതൽ/അധികം

**BCDD/A3/1331/2018** തീയതി : 28/05/2018

അനുബന്ധം- 1

## <u>പരമ്പരാഗത കരകൗശല തൊഴിൽ സമുദായങ്ങളുടെ പട്ടിക</u>

1) വിശ്വകർമ്മ (ആശാരി, ചപ്ത്തേഗ്ര, കല്ലാശ്ശാരി, കൽത്തച്ചൻ, കമ്മാള, കംസല, കന്നാൻ, കരുവാൻ, കൂടാരൻ, കൊല്ലൻ, മലയാളകമ്മാള, മൂശാരി, പാണ്ടിക്കമ്മാള, പാണ്ടിതട്ടാൻ, പെരുംകൊല്ലൻ, തച്ചൻ, തട്ടാൻ, വിൽക്കുറുപ്പ്, വില്ലാശാൻ, വിശ്വബ്രാഹ്മണൻ അല്ലെങ്കിൽ വിശ്വ ബ്രാഹ്മണർ, വിശ്വകർമ്മാള, പലിശ പെരുംകൊല്ലൻ).

2) ശാലിയ, ചാലിയ (ചാലിയൻ)

3) തോൽക്കൊല്ലൻ

4) മൂഷർ, കല്ലൻമൂഷൻ, കല്ലൻമൂഷർ

ജില്ല :

അപേക്ഷാ നമ്പർ:
(For Office use only)

കേരളസർക്കാർ

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

## പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും, പണി ആയുധങ്ങൾക്ക് ഗ്രാന്റും നൽകുന്ന പദ്ധതി 2018-19

ഫോട്ടോ

### അപേക്ഷാ ഫാറം

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | അപേക്ഷകന്റെ സ്ഥിര മേൽവിലാസം | |
| | മൊബൈൽ/ഫോൺ നമ്പർ | |
| 3. | അപേക്ഷകന്റെ / അപേക്ഷകയുടെ മതം,ജാതി | |
| 4. | സ്ത്രീ /പുരുഷൻ | |
| 5. | ജനനതീയതി, പ്രായം | |
| 6. | വാർഷികവരുമാനം | |
| 7. | അപേക്ഷകൻ/അപേക്ഷക താമസിക്കുന്ന തദ്ദേശഭരണ പ്രദേശം, വില്ലേജ്, താലൂക്ക് | ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ |
| | | വില്ലേജ് : |
| | | താലൂക്ക് : |
| 8. | ആധാർ നമ്പർ | |
| | റേഷൻകാർഡ് നമ്പർ | |
| | ബാങ്ക് അക്കൗണ്ട് നമ്പർ (കുറഞ്ഞത് 10 അക്കം) | |
| | ബാങ്കിന്റെ പേര്, ബ്രാഞ്ച് | |
| | IFS Code | |
| 9. | നിയമസഭാമണ്ഡലം | |
| 10. | നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിൽ | |
| 11. | തൊഴിൽ സ്ഥലം/യൂണിറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം, തദ്ദേശഭരണ പ്രദേശം, വാർഡ് നമ്പർ, താലൂക്ക്, ജില്ല | |

| | | |
|---|---|---|
| 12. | **ടി സംരംഭത്തിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റേതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ KADCOൽ നിന്നോ വായ്പയോ സബ്സിഡിയോ ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ നിന്ന് പരിശീലനമോ ലഭ്യമായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ.** | |

## സത്യപ്രസ്താവന

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും, എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ ഈ ആവശ്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ, **KADCO**ൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ നാളിതുവരെ ധനസഹായം ലഭിച്ചിട്ടില്ലായെന്നും ഞാൻ ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു.

സ്ഥലം :

തീയതി:

അപേക്ഷകന്റെ/അപേക്ഷകയുടെ പേരും ഒപ്പും

---

## പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥന്റെ വെരിഫിക്കേഷൻ റിപ്പോർട്ട് (ആഫീസ് ഉപയോഗത്തിന് മാത്രം)

---

ടി അപേക്ഷയും, അനുബന്ധരേഖകളും ടിയാന്റെ തൊഴിൽ സ്ഥലവും പരിശോധിച്ചതിൽ നിന്നും ടിയാൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട് / അർഹതയില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

സ്ഥലം :

തീയതി :

വെരിഫിക്കേഷൻ നടത്തിയ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും

---

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1) ജാതിസർട്ടിഫിക്കറ്റ് (വില്ലേജാഫീസറിൽ നിന്നും)
2) വരുമാന സർട്ടിഫിക്കറ്റ് (വില്ലേജാഫീസറിൽ നിന്നും)
3) പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ് / ആധാർ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)/ മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം).
4) നിലവിൽ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണെന്നുള്ള തദ്ദേശസ്വയം ഭരണസ്ഥാപനത്തിലെ പ്രസിഡന്റ്/സെക്രട്ടറി നൽകുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റ്
5) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ടി ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലായെന്ന ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം. (മാതൃക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു)
6) ആവശ്യമായ ഉപകരണങ്ങളുടേയും, ആയതിന്റെ ചെലവിന്റേയും വിശദവിവരങ്ങൾ (പ്രൊഫോർമ ഇൻവോയ്സ് സഹിതം).
7) അപേക്ഷകന്റെ പേരിൽ ഉള്ള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (**IFS Code,** അക്കൗണ്ട് നമ്പർ എന്നിവ വ്യക്തമായിരിക്കണം)
8) അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻകാർഡിന്റെ പകർപ്പ്.
9) തിരിച്ചറിയൽകാർഡ് / ആധാർകാർഡിന്റെ പകർപ്പ്.
10) തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിൽ അത്സംബന്ധിച്ച രേഖ

**BCDD/A3/1331/2018** തീയതി : 28/05/2018

അനുബന്ധം- 2

## <u>സാക്ഷ്യപത്രം</u>

......................................................................................ജില്ലയിൽ..............................................................

താലൂക്കിൽ ........................................ വില്ലേജിൽ ........................................................

ദേശത്ത് സ്ഥിര താമസക്കാരനായ.....................................................................................

............................................................................... (അപേക്ഷക/അപേക്ഷകന്റെ പേരും, മേൽവിലാസവും) എന്ന വ്യക്തി..................... വർഷമായി പരമ്പരാഗത കരകൗശല തൊഴിൽ ചെയ്യുന്നയാളാണെന്നും, ടിയാന്/ടിയാൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും പരമ്പരാഗത കരകൗശല തൊഴിലുമായി ബന്ധപ്പെട്ട് ആനുകൂല്യം അനുവദിച്ചിട്ടില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ സാക്ഷ്യപത്രം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ആനുകൂല്യത്തിന് സമർപ്പിക്കുന്നതിന് വേണ്ടി മാത്രം അനുവദിക്കുന്നു.

സ്ഥലം :

**സെക്രട്ടറിയുടെ**
**പേരും, ഒപ്പും, സീലും**

തീയതി:

ഓഫീസ് സീൽ

ഭരണഭാഷ മാതൃഭാഷ

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

**അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003**

**ഫോൺ :**0471 2727378, 04712727379**email : obcdirectorate@gmail.com**

**BCDD-A3/1331/2018(2)** തീയതി : 28/05/2018

## വാർത്താക്കുറിപ്പ്

**പിന്നാക്ക സമുദായത്തിൽപ്പെട്ട പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും പണിയായുധങ്ങൾക്ക് ഗ്രാന്റും നൽകുന്ന പദ്ധതി**

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിൽ ചെയ്യുന്ന വിശ്വകർമ്മ, ശാലിയ, തോൽക്കൊല്ലൻ, മൂപ്പർ (ഉപജാതികൾ ഉൾപ്പടെ) തുടങ്ങിയ സമുദായങ്ങളിൽപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം ശക്തിപ്പെടുത്തി, നൈപുണ്യ പരിശീലനം നൽകി, ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗത്തിലൂടെ വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് പരിശീലനവും ധനസഹായവും നൽകുന്ന പദ്ധതിയ്ക്ക് പിന്നാക്ക സമുദായ വികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 30/06/2018**. അപേക്ഷാ ഫോറത്തിന്റെ മാതൃകയും വിശദ വിവരങ്ങളും **www.bcdd.kerala.gov.in** എന്ന വെബ്ബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റുമായോ, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളുമായോ ബന്ധപ്പെടാവുന്നതാണ്. ഫോൺ : തിരുവനന്തപുരം **0471-2727379**, എറണാകുളം **0484-2429130**, കോഴിക്കോട് **0495-2377786**, ഇ-മെയിൽ **obcdirectorate@gmail.com**

**(ഒപ്പ്)**
**ഡയറക്ടർ**